# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1664

**05-12-2014 ൽ മറുപടിയ്ക്ക്**

## ജൈവ വൈപ്പിൻ പദ്ധതി

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പൊക്കാളി നെൽ-മത്സ്യ കൃഷി എന്നിയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള ജൈവ വൈപ്പിൻ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) നായരമ്പലം പഞ്ചായത്തിലുള്ള നെട്ടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തി നായുള്ള 239.17 ലക്ഷം രൂപയുടെ പ്രോജക്റ്റിന് ആർ. കെ. വി. വൈ. പദ്ധതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്. കെ.എൽ.ഡി.സി. തയ്യാറാക്കിയ 7685.19 ലക്ഷം രൂപയുടെ 10 പദ്ധതികൾ ആർ.ഐ.ഡി.എഫ് ലും 632.15 ലക്ഷം രൂപയുടെ ഒരു പദ്ധതി ആർ.കെ.വി.വൈ പദ്ധതിയിലും അംഗീകാരത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ സ്പെഷ്യൽ ഓഫീസറുടെ പ്രവർത്തന മേഖല, ഉത്തരവാദിത്വങ്ങൾ എന്നിവ വിശദീകരിക്കാമോ; | (ബി) കേരള കാർഷിക സർവകലാശാല-യിലെ റിട്ടേർഡ് പ്രൊഫസ്സർ ആയ ശ്രീ.കെ.ജി. പത്മകമാറിനെ "International Research and Training Centre for Below Sea Level Farming in Kuttanad" എന്ന പദ്ധതിയുടെ പ്രോജക്റ്റ് ഡയറക്ടർ/സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ "ജൈവ വൈപ്പിൻ പദ്ധതിയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം" സംബന്ധിച്ച ചുമതല ഉൾപ്പെടുത്തി-യിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് വരുന്നു. |

| | |
|---|---|
| (സി). ജൈവ വൈപ്പിൻ പദ്ധതി നടത്തിപ്പിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) എറണാകുളം ജില്ലയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം സംബന്ധിച്ച് 8/5/2013 ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും എറണാകുളം ജില്ലയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം സംബന്ധിച്ച് കിറ്റ്കോ തയ്യാറാക്കിയ പ്രോജക്റ്റ് അടിസ്ഥാനപരമായി അംഗീകരിച്ച് അത് നടപ്പിലാക്കുന്നതിനാവശ്യമായുള്ള ഫണ്ട് കണ്ടെത്തുന്നതിനുമായുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി.<br>1) പാടശേഖരങ്ങളിൽ കൊയ്ത്തിന് നേരിടുന്ന തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കാംകൊയുടെ കീഴിൽ പൊക്കാളി പ്രദേശത്തേക്ക് അനുയോജ്യമായ കൊയ്ത്ത് യന്ത്രം,നിലം ഒരുക്കുന്നതിന് അനുയോജ്യമായ പവർ ടില്ലർ എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>2) പൊക്കാളി നില വികസന ഏജൻസി ശക്തിപ്പെടുത്തുന്നതിനായി 2013-2014 വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 440 ഹെക്ടർ പൊക്കാളി നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 44 ലക്ഷം രൂപ നൽകുകയുണ്ടായി കൂടാതെ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി വികസന പദ്ധതി പ്രകാരം 13 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 130 ഹെക്ടറിൽ കൃഷി നടപ്പിലാക്കുകയുണ്ടായി.2014-2015 വർഷം പൊക്കാളി കൃഷി നടപ്പിലാക്കുന്നതിനായി 325 ഹെക്ടർ സ്ഥലത്ത് 32.5 ലക്ഷം രൂപ ആർ.കെ.വി.വൈ പദ്ധതി പ്രകാരവും പ്രത്യേക നെല്ലിനങ്ങളുടെ പദ്ധതി പ്രകാരം 300 ഹെക്ടർ സ്ഥലത്തേക്ക് 30 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

3) നായരമ്പലം പഞ്ചായത്തിലുള്ള നെട്ടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 239.17 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(ഡി) പദ്ധതികൾ അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ